കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

----------------------------------------------------------------

പത്രക്കുറിപ്പ് 1 ഭരണഭാഷ മാതൃഭാഷ 2018 സെപ്തംബർ 12 ബുധൻ

----------------------------------------------------------------

## അഭിമുഖം ഇന്ന്

ആലപ്പുഴ: ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഇന്ന് (സെപ്റ്റംബർ 13)ന് രാവിലെ 10ന് ജോലി അഭിമുഖം നടക്കുന്നു.തസ്തികകൾ: അസോസിയേറ്റ് സോഫ്ട്വെയർ ട്രെയിനി-യോഗ്യത: ബിരുദം (കമ്പ്യൂട്ടർ), പ്രായ പരിധി 18-24. രണ്ടു വർഷം പ്രവർത്തി പരിചയം. അക്കൗണ്ട്സ് അസിസ്റ്റന്റ്(പുരുഷന്മാർ)-യോഗ്യത : എംകോം/ബികോം, ടാലി, ഒന്നു മുതൽ രണ്ടു വർഷം വരെ പ്രവർത്തി പരിചയം. ബ്രാഞ്ച് മാനേജർ(പുരുഷന്മാർ):യോഗ്യത: ബികോം, രണ്ടു മുതൽ അഞ്ചു വർഷം വരെ പ്രവർത്തി പരിചയം, പ്രായ പരിധി 35. മെർച്ചന്റിസെർ- യോഗ്യത: ബിരുദം, പ്രായ പരിധി 30 , മൂന്നു മുതൽ അഞ്ചു വർഷം വരെ പ്രവർത്തി പരിചയം, ഫാക്കൽറ്റി- യോഗ്യത: ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ്, പ്രായ പരിധി 35. സോഫ്റ്റ് സ്കിൽ ട്രെയിനർ (സ്ത്രീകൾ ) -യോഗ്യത :ബിരുദാന്തര ബിരുദം,ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം. ഓഫീസ് അസിസ്റ്റന്റ് (സ്ത്രീകൾ)- യോഗ്യത : പ്ലസ്ടു .കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം ,പ്രായപരിധി 35. ഫോൺ: 0477 - 2230624 , 7736147338

## വാസ്തുവിദ്യ കറസ്പോണ്ടൻസ് കോഴ്സ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: സാംസ്കാരിക വകുപ്പിന്റെ കീഴിൽ ആറന്മുളയിലുള്ള വാസ്തുവിദ്യ ഗുരുകാലം വാസ്തുവിദ്യയിൽ കറസ്പോണ്ടൻസ് കോഴ്സിൽ അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിന്റെ കാലദൈർഘ്യം ഒരു വർഷമാണ്. ബിരുദമാണ് അടിസ്ഥാന യോഗ്യത. ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ ഉള്ളവരെയും പരിഗണിക്കും. ആകെ സീറ്റുകളുടെ എണ്ണം 300, കോഴ്സ് ഫീ 17700 രൂപ. അപേക്ഷ ഫോറം തപാലിൽ ലഭിക്കാൻ

ആറന്മുള്ള പോസ്റ്റ് ഓഫീസിൽ മാറ്റാവുന്ന 200 രൂപയുടെ പോസ്റ്റൽ ഓർഡർ/മണിയോർഡർ സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യ ഗുരുകുലം, ആറന്മുള പിൻ-689533, പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അയയ്ക്കണം. www.vastuvidyagrurukulam.com എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്ത് അയക്കുകയും ആകാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 29.

വിവാഹപൂർവ കൗൺസലിങ് കേന്ദ്രങ്ങൾ തുടങ്ങും

ആലപ്പുഴ:സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിലെ അവിവാഹിതരായ യുവജനങ്ങൾക്കായി വിവാഹപൂർവ കൗൺസലിങ് കേന്ദ്രങ്ങൾ ആരംഭിക്കും. കാലിക്കറ്റ് യൂണിവേഴ്സിറ്റി സോഷ്യോളജി വിഭാഗവും തിരുവനന്തപുരം ലയോള കോളജ് സൈക്കോളജി വിഭാഗവും ചേർന്ന് തയ്യാറാക്കിയ സിലബസും മൊഡ്യൂളും അനുസരിച്ചാണ് ക്ലാസുകൾ നടക്കുക. മൂന്നു മണിക്കൂർ ദൈർഘ്യമുള്ള എട്ട് സെഷനുകൾ അടങ്ങുന്നതാണ് കോഴ്സ്. ശനി, ഞായർ അടക്കമുള്ള അവധി ദിനങ്ങളിലാണ് ക്ലാസുകൾ. ജില്ലയിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ കൗൺസിലിങ് കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ നേരിട്ടോ, ഫോൺ വഴിയോ രജിസ്റ്റർ ചെയ്യണം. ഫോൺ: 0477 2287869.

സ്കൂൾ കൗൺസലർമാരുടെ
സേവനം ആരംഭിച്ചു

ആലപ്പുഴ: വനിത ശിശു വികസന വകുപ്പ് ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ പ്രളയ ദുരന്തം രൂക്ഷമായ ചെങ്ങന്നൂർ, കുട്ടനാട് താലൂക്കുകളിലെ ദുരിതാശ്വാസ ക്യാമ്പുകളിലുള്ളതും സ്വന്തം വീടുകളിലേക്കു മടങ്ങിപ്പോയ കുട്ടികൾക്കും മുതിർന്നവർക്കും സാമൂഹിക മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് ജില്ലയിലെ സ്കൂൾ കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാണെന്ന് ജില്ല ശിശു സംരക്ഷണ ഓഫീസർ അറിയിച്ചു.

കള്ള് വ്യവസായ തൊഴിലാളികളുടെ
മക്കൾക്ക് ലാപ്ടോപ് നൽകും

ആലപ്പുഴ: കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗീകൃത തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് നൽകുന്നു. സർക്കാർ സ്ഥാപനങ്ങളിലോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലോ എം.ബി.ബി.എസ്, എം.ബി.എ, എം.സി.എ, ബി.ടെക്, എം.ടെക്, എം.ഫാം, ബി.എ.എം.എസ് ബി.ഡി.എസ്, ബി.വി.എസ്.സി ആൻഡ് എ.എച്ച്, ബി.എസ് സി എം.എൽ.ടി, ബി.ഫാം, ബി.എസ് സി നഴ്സിങ് എന്നീ കോഴ്സുകളിൽ ഒന്നാം വർഷം പഠിക്കുന്ന വിദ്യാർഥികൾക്കാണ് ലാപ്ടോപ് നൽകുക. 2018-19 ഒന്നാം വർഷം പ്രവേശനം ലഭിച്ചതായുള്ള സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രവും കേന്ദ്ര/സംസ്ഥാന എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റ് കത്ത്/ സ്കോർഷീറ്റ്/അലോട്ട്മെന്റ് ഉത്തരവ് പകർപ്പ് എന്നിവയും നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം നൽകണം. അപേക്ഷ ഒക്ടോബർ 31നകം ജില്ല വെൽഫെയർ ഫണ്ട് ഓഫീസിൽ നൽകണം. കള്ള് ഷാപ്പുകൾ അടഞ്ഞു കിടക്കുന്നതു മൂലം താത്കാലികമായി തൊഴിൽ നഷ്ടപ്പെട്ടവർ, ഗുരുതരമായ അസുഖം/ അപകടം എന്നിവ മൂലം ജോലി ചെയ്യാൻ സാധിക്കാത്തവർ എന്നിവരൊഴികെ മറ്റു കാരണങ്ങളാൽ തൊഴിലിൽ നിന്നും വിട്ടു നിൽക്കുന്നവരുടെ മക്കൾക്ക് ലാപ്ടോപിന് അർഹതയില്ലെന്നു ജില്ല വെൽഫെയർ ഫണ്ട് ഓഫീസർ അറിയിച്ചു.

കേന്ദ്രസർക്കാർ സ്കോളർഷിപ്പ്:
അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിൽ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായ വിദ്യാർഥികളിൽ നിന്ന് കേന്ദ്രസർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയായിരിക്കണം. അപേക്ഷകർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന ലഭ്യമാക്കണം. അപേക്ഷ ഫോറത്തിന് www.scdd.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കണം. അപേക്ഷ ഫോറം ജില്ല പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷകർ സ്ഥിരതാമസമുള്ള ജില്ല പട്ടികജാതി വികസന ഓഫീസിലേക്ക് അയക്കണം.

ഒന്നാം വർഷ എം.ബി.ബി.എസ്
ക്ലാസ് തുടങ്ങി

ആലപ്പുഴ: ഗവ.ടി ഡി മെഡിക്കൽ കോളേജിൽ ഒന്നാം വർഷ എം.ബി.ബി.എസ്. ക്ലാസ് ആരംഭിച്ചു. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സും പ്രതിജ്ഞയെടുക്കൽ ചടങ്ങും കോളേജ് അങ്കണത്തിലെ ജൂബിലി ആഡിറ്റോറിയത്തിൽ നടന്നു. പ്രിൻസിപ്പൽ ഡോ. പുഷ്പലത പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിവിധ പഠന വിഭാഗം മേധാവികളായ ഡോ.എസ്.റോമിസ് ,ഡോ.ഗീത,ഡോ. മറിയം വർക്കി, ഡോ. ഡാലിയ, ഡോ.വേണുഗോപാൽ, സ്റ്റാഫ് അഡ്വൈസർ ഡോ.പി.എസ്.സജയ്, ഡോ.രജത്, എന്നിവർ പ്രസംഗിച്ചു. പി.ടി.എ. പ്രസിഡൻറ് അശോകൻ സ്വാഗതവും കോളേജ് യൂണിയൻ ചെയർമാൻ ഖലീൽ അഹമ്മദ് നന്ദിയും പറഞ്ഞു.

ദുരിതാശ്വാസ നിധിയിലേക്ക്
ഒരുലക്ഷം രൂപ നൽകി

അമ്പലപ്പുഴ: ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ ചേതന ജനകീയ ലാബും. സി.പി.എം അമ്പലപ്പുഴ ഏരിയ കമ്മിറ്റിയുടെ അധീനതയിൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിക്കു സമീപമുള്ള ചേതന ജനകീയ ലാബ് ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി.വിവിധ പരിശോധന ഫലങ്ങൾക്ക് 35 മുതൽ 65 ശതമാനം വരെ നിരക്ക് കുറച്ചുനൽകുന്ന ലാബാണിത്. ചേതന സെക്രട്ടറി എച്ച്.സലാമിൽ നിന്ന് പൊതുമരാമത്തുമന്ത്രി ജി.സുധാകരൻ പണം ഏറ്റുവാങ്ങി. ലാബ് അങ്കണത്തിൽ ചേർന്ന ചടങ്ങിൽ ചേതന ട്രഷറർ എ.ഓമനക്കുട്ടൻ അധ്യക്ഷത വഹിച്ചു.

ഉമയാറ്റുകര പള്ളിയോടം
നീരണിഞ്ഞു

ചെങ്ങന്നൂർ: പ്രളയകാലത്തിന് വിട നൽകി ഉമയാറ്റുകര പള്ളിയോടം നീരണിഞ്ഞു. നതോന്നതയുടെ താളത്തിൽ വായ്കുരവകളുടേയും, താളമേളങ്ങളുടേയും അകമ്പടിയോടെ ഒരു കരയെ മുഴുവൻ സാക്ഷി നിർത്തിയാണ് പുതുക്കി പണിത ഉമയാറ്റുകര പള്ളിയോടം ഉമയാറ്റ പള്ളിയോടക്കടവിൽ നീരണിഞ്ഞത്. പമ്പയാറ്റിൽ നടന്ന നീരണിയക്കൽ ചടങ്ങിന്റെ പൊതുസമ്മേളനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ ഉദ്ഘാടനം ചെയ്തു.പള്ളിയോടങ്ങൾ നാടിന്റെ പൈതൃകങ്ങളാണെന്നും ഒരോ പള്ളിയോടങ്ങളും പ്രദേശത്തിന്റെ കുട്ടായ്മയുടെ പ്രതീകങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. പള്ളിയോടങ്ങൾ

സംരക്ഷിക്കുന്നതിനൊപ്പം പമ്പയാർ സംരക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സജിചെറിയാൻ എം.എൽ.എ., താഴമൺ മഠം തന്ത്രി കണ്ഠരര് മോഹനര്, പള്ളിയോടസേവാസംഘം പ്രസിഡന്റ് ബി.കൃഷ്ണകുമാർ കൃഷ്ണവേണി, ചലച്ചിത്ര താരം ബാല, എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് പി.എൻ. സുകുമാരപണിക്കർ, ഒ.എസ്. ഉണ്ണികൃഷ്ണൻ, അജി ആർ. നായർ തുടങ്ങിയവർ പങ്കെടുത്തു. ആറന്മുള പള്ളിയോടങ്ങളിൽ എ ബാച്ചിലുള്ള പള്ളിയോടമാണ് ഉമയാറ്റുകര പള്ളിയോടം. 47 .2 കോൽ നീളവും 64 അംഗുലം ഉടമയും, 18 അടി അമര പൊക്കവുമുള്ള പള്ളിയോടത്തിൽ നാല് അമരക്കാരും എട്ടു നിലയാളും ഉൾപ്പെടെ 110 പേർക്ക് കയറാം. അയിരൂർ സതീഷ് ആചാരിയാണ് പള്ളിയോട ശില്പി.